©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | **2017 മേയ് 12**<br>12th May 2017<br>**1192 മേടം 29**<br>29th Medam 1192<br>**1939 വൈശാഖം 22**<br>22nd Vaisakha 1939 | നമ്പർ<br>No. | 975 |

## കേരള സർക്കാർ

<u>തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്</u>

### വിജ്ഞാപനം

സ. ഉ. (എംഎസ്.) നമ്പർ 32/2017/തൊഴിൽ. *തിരുവനന്തപുരം, 2017 മേയ് 9 / 1192 മേടം 26.*

**എസ്. ആർ. ഒ. നമ്പർ 253/2017.**—1948-ലെ ഏറ്റവും കുറഞ്ഞകൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം ഫെബ്രുവരി 29-ാം തീയതിയിലെ 20334/ഇ1/2015/തൊഴിൽ എന്ന നമ്പരായി പുറപ്പെടുവിച്ചതും 2016 മാർച്ച് 5-ാം തീയതിയിലെ 605-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പിൻ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.

33/1647/2017/S-5.

കീഴിൽ രൂപീകരിച്ച മിനിമം വേതന ഉപദേശകസമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ വ്യവസ്ഥചെയ്യുന്ന പ്രകാരം, കേരള സംസ്ഥാനത്തെ പേപ്പർ നിർമ്മാണ വ്യവസായ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ കേരള സർക്കാർ, ഇതിനാൽ നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി, നിരക്കുകൾ പ്രാബല്യത്തിൽവരുന്ന തീയതിയായും നിശ്ചയിക്കുകയും ചെയ്തു.

പട്ടിക

| *ക്രമ നമ്പർ* | *തസ്തിക* | *പ്രതിമാസ (അടിസ്ഥാന വേതനം) (₹)* |
|---|---|---|
| (1) | (2) | (3) |
| ഗ്രൂപ്പ് (എ) | | |
| 1 | അസിസ്റ്റന്റ് മാനേജർ | 16,000 |
| 2 | സീനിയർ സൂപ്പർവൈസർ/സൂപ്പർവൈസർ ഹയർഗ്രേഡ് | 15,000 |
| 3 | മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് | 13,500 |
| 4 | ജൂനിയർ സൂപ്പർവൈസർ | 12,500 |
| 5 | ക്ലാർക്ക് | 12,000 |
| 6 | ജൂനിയർ എക്സിക്യൂട്ടീവ് | 12,000 |
| 7 | ഡ്രൈവർ | 11,500 |
| 8 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 11,000 |
| 9 | സെയിൽസ് അസിസ്റ്റന്റ് | 11,000 |
| 10 | സെക്യൂരിറ്റി സ്റ്റാഫ് | 10,250 |
| 11 | ആഫീസ് അസിസ്റ്റന്റ് | 10,000 |
| 12 | സ്വീപ്പർ/ക്ലീനർ | 9,500 |

| (1) | (2) | (3) |
|---|---|---|
| ഗ്രൂപ്പ് (ബി) | | |
| 1 | ഇലക്ട്രിക്കൽ എഞ്ചിനീയർ | 16,000 |
| 2 | പ്രൊഡക്ഷൻ സൂപ്രണ്ട് | 16,000 |
| 3 | ഫോർമാൻ | 15,000 |
| 4 | ക്വാളിറ്റി കൺട്രോളർ | 14,500 |
| 5 | ബോയിലർ ഓപ്പറേറ്റർ | 14,000 |
| 6 | മെഷീൻ ഓപ്പറേറ്റർ | 14,000 |
| 7 | സ്റ്റീം ഓപ്പറേറ്റർ | 14,000 |
| 8 | വെയ്ബ്രിഡ്ജ് ഓപ്പറേറ്റർ | 13,000 |
| 9 | കട്ടർ ആന്റ് റീവൈൻഡർ ഓപ്പറേറ്റർ | 13,000 |
| 10 | അസിസ്റ്റന്റ് ഫോർമാൻ | 11,500 |
| 11 | അസിസ്റ്റന്റ് ഓപ്പറേറ്റർ/ജൂനിയർ ഓപ്പറേറ്റർ | 11,500 |
| 12 | ഇലക്ട്രീഷ്യൻ | 11,500 |
| 13 | ഇലക്ട്രിക്കൽ അസിസ്റ്റന്റ് | 10,500 |
| 14 | പേപ്പർ ഫിനിഷർ | 10,500 |
| 15 | വയർബോയ്/പ്രസ്ബോയ് | 10,500 |
| 16 | അസിസ്റ്റന്റ്/ഹെൽപ്പർ | 10,000 |
| 17 | ജനറൽ വർക്കർ | 10,000 |

**ക്ഷാമബത്ത**

അടിസ്ഥാനവേതനത്തിന് പുറമേ, തൊഴിലാളികൾക്ക് ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിലുള്ള ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കായി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന ഏറ്റവും പുതിയ 1998-99 = 100 സീരിസിലെ ഉപഭോക്തൃവില അടിസ്ഥാനത്തിൽ സൂചികയുടെ 250 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ₹ 26 (ഇരുപത്തിയാറ്) നിരക്കിൽ കണക്കാക്കി മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത (വേരിയബിൾ ഡി. എ.) നൽകേണ്ടതാണ്.

ഇടുക്കി, വയനാട് ജില്ലകളെ സംബന്ധിച്ചിടത്തോളം, ആ ജില്ലകളിൽ പ്രത്യേകം ഉപഭോക്തൃവില സൂചിക നമ്പർ പ്രസിദ്ധീകരിക്കുന്നതുവരെ മൂന്നാർ, മേപ്പാടി എന്നീ കേന്ദ്രങ്ങളിൽ യഥാക്രമം പ്രസിദ്ധീകരിച്ചിട്ടുള്ള ഉപഭേക്തൃവില സൂചിക നമ്പരിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**സർവ്വീസ് വെയിറ്റേജ്**

ഒരു തൊഴിലുടമയുടെ കീഴിലോ ഒരു സ്ഥാപനത്തിലോ എവിടെയാണോ തൊഴിലാളി ജോലി ചെയ്യുന്നത് അവിടെ അഞ്ചുവർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയത് പരിഗണിച്ച് തൊഴിലാളികൾക്ക്, താഴെ പറയുന്ന നിരക്കുകളിൽ അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി സർവ്വീസ് വെയിറ്റേജ് നൽകേണ്ടതാണ്:

| | | | |
|---|---|---|---|
| (i) | 5 വർഷത്തിനുമുകളിൽ 10 വർഷം വരെയുള്ള സേവനകാലത്തിന് | .. | അടിസ്ഥാനവേതനത്തിന്റെ 5 ശതമാനം |
| (ii) | 10 വർഷത്തിനുമുകളിൽ 15 വർഷം വരെയുള്ള സേവനകാലത്തിന് | .. | അടിസ്ഥാനവേതനത്തിന്റെ 10 ശതമാനം |
| (iii) | 15 വർഷത്തിനുമുകളിൽ സേവന കാലത്തിന് | .. | അടിസ്ഥാനവേതനത്തിന്റെ 15 ശതമാനം |

**പൊതുവ്യവസ്ഥകൾ**

(1) ഏതെങ്കിലും സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഈ വിജ്ഞാപനപ്രകാരമുള്ള ഏറ്റവും കുറഞ്ഞ വേതനത്തെക്കാൾ ഉയർന്ന വേതനം ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് തുടർന്നും ഉയർന്ന നിരക്കിൽ വേതനം നൽകേണ്ടതാണ്.

(2) ഈ വിജ്ഞാപനപ്രകാരം അതതു തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവേതനം, ക്ഷാമബത്ത, സർവ്വീസ് വെയിറ്റേജ് എന്നിവയുടെ ആകെ തുകയെ 26 (ഇരുപത്തിയാറ്) കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന തുക ആ തസ്തികയിലെ ജീവനക്കാരന്റെ ഒരു ദിവസത്തെ മിനിമം വേതനം ആയിരിക്കുന്നതാണ്.

(3) ഈ മേഖലയിലെ ഏതെങ്കിലും തസ്തികകൾ പട്ടികയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ ഈ മേഖലയിലെ അത്തരം ജീവനക്കാർക്ക് സമാന ജീവനക്കാരുടെ വേതനത്തിന്റെയും ക്ഷാമബത്തയുടെയും സർവ്വീസ് വെയിറ്റേജിന്റെയും നിരക്കിൽ വേതനം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ പേപ്പർ നിർമ്മാണ വ്യവസായമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളി വിഭാഗങ്ങൾക്ക് നൽകേണ്ടതായ കുറഞ്ഞകൂലി നിരക്കുകൾ സംബന്ധിച്ച് 2016 ഫെബ്രുവരി 29-ാം തീയതിയിലെ 20334/ഇ1/2015/തൊഴിൽ എന്ന നമ്പരായി പുറപ്പെടുവിച്ചതും 2016 മാർച്ച് 5-ാം തീയതിയിലെ 605-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനു ശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും പ്രസ്തുത തൊഴിൽ മേഖലയിലെ ഏറ്റവും കുറഞ്ഞ വേതനനിരക്ക് നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G. O. (Ms.) No. 32/2017/LBR.

*Dated, Thiruvananthapuram,* *9th May, 2017* / *26th Medam, 1192.*

**S. R. O. No. 253/2017.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948, (Central Act 11 of 1948) read with sub-section (2) of section 5 thereof the Government of Kerala after considering the objections and suggestions received on the draft proposals published under Notification No. 20334/E1/2015/LBR dated 29th February, 2016 in the Kerala Gazette Extraordinary No. 605 dated 5th March, 2016, as required under clause (b) of sub-section (l) of section 5 of the said Act and after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in Paper Production Industry in the State, as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date on which the rates shall come into force.

SCHEDULE

| *Sl. No.* | *Post* | *Basic wage rate per month (₹)* |
|---|---|---|
| (1) | (2) | (3) |
| **Group A** | | |
| 1 | Assistant Manager | 16,000 |
| 2 | Senior Supervisor/Supervisor Higher Grade | 15,000 |
| 3 | Marketing Executive | 13,500 |
| 4 | Junior Supervisor | 12,500 |
| 5 | Clerk | 12,000 |

| (1) | (2) | (3) |
|---|---|---|
| 6 | Junior Executive | 12,000 |
| 7 | Driver | 11,500 |
| 8 | Accounts Assistant | 11,000 |
| 9 | Sales Assistant | 11,000 |
| 10 | Security Staff | 10,250 |
| 11 | Office Assistant | 10,000 |
| 12 | Sweeper/Cleaner | 9,500 |
| **Group B** | | |
| 1 | Electrical Engineer | 16,000 |
| 2 | Production Superintendent | 16,000 |
| 3 | Foreman | 15,000 |
| 4 | Quality Controller | 14,500 |
| 5 | Boiler Operator | 14,000 |
| 6 | Machine Operator | 14,000 |
| 7 | Steam Operator | 14,000 |
| 8 | Weigh Bridge Operator | 13,000 |
| 9 | Cutter and Re-winder Operator | 13,000 |
| 10 | Assistant Foreman | 11,500 |
| 11 | Assistant Operator/Junior Operator | 11,500 |
| 12 | Electrician | 11,500 |
| 13 | Electrical Assistant | 10,500 |
| 14 | Paper Finisher | 10,500 |
| 15 | Wire Boy/Press Boy | 10,500 |
| 16 | Assistant/Helper | 10,000 |
| 17 | General Worker | 10,000 |

**Dearness Allowance**

In addition to the basic wages, the employees shall be eligible for Variable Dearness Allowance calculated on the basis of the latest available Consumer Price Index Numbers for each month published for the District Headquarters concerned by the Department of Economics and Statistics, Government of Kerala at the rate of ₹ 26 (Rupees Twenty six only) per each point above 250 points in the new series, ie., 1998–99=100 per month.

In respect of Idukki and Wayanad Districts, dearness allowance shall be paid on the basis of Consumer Price Index Number published for Munnar and Mepadi centres respectively, until separate Consumer Price Index Numbers are published for those districts.

**Service Weightage**

The service weightage to be included in the basic wages shall be given at the following rates considering not less than five years of service completed under an employer or in an institution where the employee is doing the work:

| | | | |
|---|---|---|---|
| (i) | service period above 5 years and up to 10 years | .. | 5% of basic wages |
| (ii) | service period above 10 years and up to 15 years | .. | 10% of basic wages |
| (iii) | service period above 15 years | .. | 15% of basic wages |

**General Conditions**

(1) In the case of employees of any establishment or under an employer who are at present getting higher wages than the Minimum Wages as per this notification they shall continue to enjoy such higher rates.

(2) For the calculation of daily wages for categories in respect of which monthly wages have been fixed in the notification, the grand total of basic monthly wage including Dearness Allowance and Service weightage shall be divided by 26.

(3) If any other posts in this sector are not included in the Schedule above, then such posts should be provided with the rate of Minimum wages, Dearness Allowance and Service weightage prescribed for the similar posts in the sector.

By order of the Governor,

TOM JOSE,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government, after considering the objections and suggestions on the draft proposal on the minimum rates of wages payable to the employees employed in the Paper Production Industry in the State published as Notification No. 20334/E1/2015/LBR dated 29th February, 2016 in the Kerala Gazette Extraordinary No. 605 dated 5th March, 2016, and on the advice of the Minimum Wages Advisory Board constituted for this purpose have decided to fix the minimum rates of wages in the said sector.

The notification is intended to achieve the above object.

33/1647/2017/S-5.